## V. സബ്മിഷൻ

(1) കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകളുടെ ശുചീകരണം

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, (....ബഹളം......) മാവേലിക്കര കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകൾ വൃത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അതത് വർഷം സ്വീകരിക്കാനാകാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പ്രസ്തുത പ്രവൃത്തി പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ; കെ.ഐ.പി. കനാലിനായി വർഷങ്ങളായി ഭൂമി ഏറ്റെടുത്തെങ്കിലും അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അത് പൂർത്തീകരിച്ചാൽ താമരക്കുളം, ചുനക്കര, കായംകുളം എന്നീ നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. (....ബഹളം......) അതിനാൽ അത് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നത്. (....ബഹളം......)

മി. സ്പീക്കർ: (....ബഹളം......) മറുപടി മേശപ്പുറത്തുവച്ചാൽ മതി.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇത് പ്രധാനപ്പെട്ട വിഷയമായതിനാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. സബ്മിഷന്റെ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(2) കുളങ്ങാട്ടുകുഴി പ്രദേശത്ത് കണ്ട കടുവയെ പിടികൂടുന്നത് സംബന്ധിച്ച്

ശ്രീ. ആന്റണി ജോൺ: സർ, എന്റെ മണ്ഡലമായ കുളങ്ങാട്ടുകുഴി പ്രദേശത്തും സമീപത്തും കഴിഞ്ഞ ഒരാഴ്ചക്കാലത്തിലേറെയായി കടുവയുടെ സാന്നിധ്യത്തെത്തുടർന്ന് ആ പ്രദേശത്തെ ജനങ്ങൾ വലിയ ഭീതിയിലും ഭയപ്പാടിലുമാണ് ഇന്ന് ജീവിക്കുന്നത്.

മി. സ്പീക്കർ: പോയിന്റ് മാത്രം പറഞ്ഞാൽ മതി.

ശ്രീ. ആന്റണി ജോൺ: സർ, പ്രധാനപ്പെട്ട വിഷയമാണിത്. കുളങ്ങാട്ടുകുഴിയിലിറങ്ങിയ കടുവയേക്കാൾ ഭീകരമാണ് പ്രതിപക്ഷം ഇന്ന് സഭയിൽ ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ഓരാഴ്ചക്കാലത്തിലേറെയായി ആ നാട്ടിൽ ലോക്ക്ഡൗണിന് സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ജനങ്ങൾ രാത്രി-പകൽ വ്യത്യാസമില്ലാതെ പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ മുന്നോട്ടുപോകുകയാണ്. അതിനാൽ അവിടെയിറങ്ങിയ

---
+ അനുബന്ധമായി ചേർക്കുന്നു.

കടുവയെ അടിയന്തരമായി കൂട്ടുവച്ച് പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രസ്തുത സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(3) അകമല ഫോറസ്റ്റ് സ്റ്റേഷൻ ഫെൻസിംഗും പുനഃസ്ഥാപിക്കലും

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, കുതിരാൻ തുരങ്കപാത യാഥാർഥ്യമായതോടെ വടക്കാഞ്ചേരി മണ്ഡലത്തിലെ മച്ചാട് വനമേഖലകളിൽ ആനകളുടെ സാന്നിധ്യം കുറച്ചുകാലമായി നിലനിൽക്കുകയാണ്. തെക്കുംകര പഞ്ചായത്തിലെയും വടക്കാഞ്ചേരി മുനിസിപ്പൽ അതിർത്തിയിലെയും വിവിധ ഭാഗങ്ങളിൽ ആന നിരന്തരമായി ജനവാസമേഖലകളിലേക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുകയാണ്. കാട്ടാനകൾ ഉത്രാളിക്കാവ് അമ്പലത്തിലും ശാസ്താവ് ക്ഷേത്രത്തിനുമടുത്ത് റെയിൽവെ ലൈൻവരെ എത്തിയിരിക്കുന്നത് വലിയ അപകടമുണ്ടാക്കുന്ന സാഹചര്യമാണ്. അതുകൊണ്ട് റെയിൽവെയുടെ പ്രത്യേക പദ്ധതി നടപ്പാക്കണം. ഈ മേഖലയിലുണ്ടായിരുന്ന അകമല

+ അനുബന്ധമായി ചേർക്കുന്നു.

ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയിരിക്കുന്നതിനാൽ അത് പുനഃസ്ഥാപിക്കുന്നതോടൊപ്പം ആർ.ആർ.ടി. പ്രവർത്തനവും സ്ഥാപിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രസ്തുത സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(4) കുട്ടനാട് മേഖലയിലെ കൃഷിനാശം

ശ്രീ. എച്ച്. സലാം: സർ, ആലപ്പുഴ ജില്ലയിലെ നെൽക്യഷി മേഖല ഓരുവെള്ള ഭീഷണിയിലാണ്. ഏതാണ്ട് 60 ശതമാനത്തോളം നെൽക്യഷി നഷ്ടമായിപ്പോകുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞവർഷം 122828 ടൺ നെല്ല് സംഭരിച്ചുവെങ്കിൽ ഇപ്രാവശ്യം പകുതിയിലധികവും നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമാണുണ്ടാകുന്നത്. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം വെള്ളത്തിന്റെ വാട്ടർ മാനേജ്മെന്റ് വളരെ പ്രധാനപ്പെട്ടതാണ്. അത് തോട്ടപ്പിള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടുമാണ്. തോട്ടപ്പിള്ളി സ്പിൽവേയിൽ അവിടെയുള്ള ഷട്ടർ ഓവർഫ്ലോ ചെയ്ത് ഉപ്പുവെള്ളം കയറുന്ന സാഹചര്യം ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നതിനാൽ അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

+ അനുബന്ധമായി ചേർക്കുന്നു.

മണിയാർ ഡാമിൽ ഉപ്പുവെള്ളം കയറുന്നതിൽ ശമനമുണ്ടാക്കാനും നല്ല വെള്ളം കയറ്റാനുമാവശ്യമായ നിലപാട് സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിലെ ഏറ്റവും സുപ്രധാനമായ ഒരു പ്രശ്നം നമ്മുടെ പാടശേഖരങ്ങളിലും.........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി മേശപ്പുറത്ത് വയ്ക്കൂ....

ശ്രീ. പി. പ്രസാദ്: സർ, വളരെ ഗൗരവതരമായ പ്രശ്നത്തെ സംബന്ധിച്ച് സഭയിൽ സംസാരിക്കുമ്പോൾ പ്രതിപക്ഷം വളരെ നേരത്തെതന്നെ തയ്യാറാക്കിക്കൊണ്ടുവന്ന ഒരു അജണ്ടയുടെ ഭാഗമായാണ് ഈ പ്രതിഷേധം നടത്തുന്നതെന്നത് ഉറപ്പാണ്. ഈ പ്ലക്കാർഡുകളെല്ലാം ഇന്നലെത്തന്നെ തയ്യാറാക്കിയെന്നുള്ളത് നേരത്തെ തയ്യാറാക്കിക്കൊണ്ടുവന്ന അജണ്ടയ്ക്കുള്ള തെളിവാണ്. ഈ സഭയിൽ കേരളത്തിന്റെ ഗൗരവമായ അടിസ്ഥാന പ്രശ്നങ്ങൾ ഉന്നയിക്കുന്നതിൽനിന്നും തടസ്സപ്പെടുത്തുന്ന രീതി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നുകൂടി പറയുന്നു. കുട്ടനാടിനെ സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതിനായി ബഹുമാനപ്പെട്ട മന്ത്രിമാർ പ്രത്യേകം യോഗം ചേർന്നിട്ടുണ്ട്. ഓരുവെള്ളക്കയറ്റത്തിന്റെ ഭീഷണി തടയുന്നതിന്

ഡാമിൽനിന്നും വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനംകൂടി ഏർപ്പാടാക്കിയിട്ടുണ്ട്.

(5) <u>രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുത സ്കൂട്ടറുകൾ</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിളെന്ന പുതിയ വാഹനം റോഡിലിറങ്ങിയതിനെത്തുടർന്നുള്ള ചില വിഷയങ്ങളാണ് ശ്രദ്ധയിൽപ്പെടുത്തുന്നത്. ചെറിയ കുട്ടികൾക്ക് ടി വാഹനം ഓടിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല. 250 വാട്ട്സിനുതാഴെ ശേഷിയുള്ള 25 km/h താഴെയുള്ള ഇലക്ട്രിക്കൽ സ്കൂട്ടറാണിത്. ഇതിൽ കുട്ടികൾ യഥേഷ്ടം സഞ്ചരിക്കുന്നു. അവർക്ക് ലൈസൻസോ പെർമിറ്റോ ആവശ്യമില്ല. ഇതിന് ഇൻഷ്വറൻസ് ഇല്ല. അത്തരമൊരു സാഹചര്യത്തിൽ കൂടുതൽ അപകടങ്ങളുണ്ടാകുന്നു. ഈ അപകടങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അദ്ദേഹം പറഞ്ഞത്. കേന്ദ്ര ഗവൺമെന്റാണ് ഈ നിയമത്തിൽ ഭേദഗതി വരുത്തേണ്ടത്. മറ്റ് രാജ്യങ്ങളിൽ

നടപ്പാതയിലോടിക്കുന്ന വാഹനമാണിത്. ഇവ മെയിൻ റോഡിൽ ഓടിക്കാൻ അനുവാദം കൊടുക്കുന്നത് തെറ്റാണ്. ഈ വിഷയം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽക്കൊണ്ടുവരും.

## (6) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവീസുകൾ പുനരാരംഭിക്കൽ

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് സർവീസ് നടത്തിയിരുന്ന നിരവധി ബസുകൾ പല കാരണങ്ങളാൽ സർവീസ് നിർത്തിയിരിക്കുകയാണ്. 25 വർഷത്തിലേറെയായി സർവീസ് നടത്തിയിരുന്ന ചങ്ങനാശ്ശേരി-വേളാങ്കണ്ണി സർവീസ് ഇന്ന് റദ്ദായിരിക്കുകയാണ്. ഇതുകാരണം പ്രതിദിനം അമ്പതിനായിരത്തിലധികം രൂപയുടെ സർവീസ് നഷ്ടത്തിലായിരിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വേളാങ്കണ്ണി ബസിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. പ്രസ്തുത ബസ് സർവീസ് നിർത്തിയിട്ടില്ല. പക്ഷേ നഷ്ടമുള്ള ദിവസങ്ങളിൽ സർവീസ് നടത്തുന്നില്ല. റിസർവേഷൻപോലും കിട്ടാത്ത ദിവസങ്ങളിലാണ് സർവീസ് നടത്താത്തത്. അതൊരു സൂപ്പർ ഡീലക്സ് ബസ്സാക്കി മാറ്റിയാണ് ഇപ്പോൾ

ഓടിക്കുന്നത്. ചങ്ങനാശ്ശേരിയിൽനിന്നുള്ള വാഹനങ്ങളൊന്നും വെട്ടിക്കുറച്ചിട്ടില്ല. കോവിഡിനുമുമ്പും അതിനുശേഷവും വന്ന നഷ്ടം കൊണ്ട് സർവീസുകൾ വെട്ടിക്കുറച്ചതല്ലാതെ പുതുതായി ഒന്നും വെട്ടിക്കുറച്ചിട്ടില്ല. പുതിയ സർവീസുകൾ ആരംഭിക്കാൻ കഴിയുമോ എന്നത് പരിശോധന നടത്തിയതിനുശേഷം തീരുമാനിക്കാവുന്നതാണ്. ബാക്കി ഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

(7) കൃഷ്ണപുരം മാമ്പ്രകുന്നേൽ പാലം നിർമ്മാണം

ശ്രീമതി യു. പ്രതിഭ: സർ, 2017-ൽ കിഫ്ബിപ്രകാരം അനുവാദം കിട്ടിയ എന്റെ മണ്ഡലത്തിലെ മാമ്പ്രകുന്നേൽ ഓവർ ബ്രിഡ്ജ് നിരവധിയായ പ്രോസസിംഗിനുശേഷമാണ് 2024 ആയപ്പോൾ ടെൻഡർ ചെയ്തത്. അതിനുമുമ്പ് ധാരാളം പ്രോസസിംഗ് നടത്തേണ്ടിവന്നു. എന്നാൽ ടെൻഡർ ചെയ്തപ്പോൾ ഒരു ബിഡർ മാത്രമാണ് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തത്. അതുകൊണ്ടുതന്നെ ടെൻഡർ കമ്മിറ്റി ടെക്നിക്കൽ ബിഡ് അംഗീകരിച്ചു. വളരെയധികം ഗൗരവമുള്ള വിഷയമാണിത്.

മി. സ്പീക്കർ: ബാക്കിഭാഗം മേശപ്പുറത്തുവച്ചാൽ മതി.

---

\+ അനുബന്ധമായി ചേർക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ലെവൽക്രോസില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി കായംകുളത്തെ കൃഷ്ണപുരം-മാമ്പ്രകുന്നേൽ റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നു. കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഈ ലെവൽക്രോസ് നിർമ്മാണത്തിന് കിഫ്ബി 31.211 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ആർ.ഒ.ബി. നിർമ്മാണത്തിന് സ്വകാര്യവ്യക്തികളിൽനിന്നും ആവശ്യമായ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു.

06-02-2025-ൽ കൂടിയ കമ്മിറ്റിയുടെ ശിപാർശപ്രകാരം ടെൻഡറിന് അംഗീകാരം ലഭിക്കുന്ന നടപടികൾ ആർ.ബി.ഡി.സി.കെ. സ്വീകരിച്ചുവരുന്നുണ്ട്. അതിൽ എല്ലാ നിലയിലും സർക്കാർ ഇടപെടുന്നതാണ്. ബാക്കി മറുപടി മേശപ്പുറത്തുവയ്ക്കുന്നു+

+ അനുബന്ധമായി ചേർക്കുന്നു.